മിസ്സിസ്സ് കെ. എം. ആർ. മേനോൻ: തൃശ്ശിവപേരൂർ ആശുപത്രിയിൽ എത്ര മൃഗങ്ങളെ കിടത്തി ചികത്സിക്കാനുള്ള സൌകര്യമുണ്ട്?

റാവുബഹദൂർ ടി. കെ. നായർ: ഇങ്ങിനെയുള്ള ആശുപത്രികളിൽ മറ്റ ആശുപത്രികളിലെപോലെ ഇത്ര ബെഡ്സ്സ് എന്നനിലയിലല്ല സൌകര്യം ചെയ്തിട്ടുള്ളത്. എങ്കിലും രണ്ടോ നാലൊ മൃഗങ്ങൾ വന്നാൽ അവയെ കിടത്തി ചികത്സിക്കാനുള്ള സൌകര്യമുണ്ട്.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: വെറ്ററിനറി ആശുപത്രിയിൽ രോഗികളായ മൃഗങ്ങളെ കിടത്തി ചികത്സിക്കുന്നതുപോലെ വണ്ടിക്കാളകളുടേയും മറ്റും ആരോഗ്യത്തെ പരിശോധിക്കുന്ന വല്ല സമ്പ്രദായവുമുണ്ടൊ?

റാവുബഹദൂർ ടി. കെ. നായർ: അതു വെറ്ററിനറി ഡിപ്പാർട്ടുമെണ്ടിന്റെ ചുമതലയിൽ പെട്ടതല്ല.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: അതു് ഏതു ഡിപ്പാർട്ടുമെണ്ടിന്റെ ചുമതലയാണ്?

റാവുബഹദൂർ ടി. കെ നായർ: പോലീസ്സ് ഡിപ്പാർട്ടുമെണ്ടിന്റെ ചുമതലയാണെന്നാണ തോന്നുന്നത്.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: ഇതു മൃഗങ്ങളുടെ കായ്മയതുകൊണ്ടു വെറ്ററിനറി ഡിപ്പാർട്ടുമെണ്ടല്ലെ ചെയ്യേണ്ടതു?

റാവുബഹദൂർ ടി. കെ. നായർ: വെറ്ററിനറി ഡിപ്പാർട്ടുമെണ്ടിൽ മൃഗങ്ങളെ ചികിത്സിക്കാനുള്ള സൌകര്യമേയുള്ള. കൊള്ളരുതാത്ത മൃഗങ്ങളെ വണ്ടിക്കു കെട്ടുന്നതിനെപ്പറ്റിയും മറ്റും നിയന്ത്രിക്കേണ്ടതു വേറെ ഡിപ്പാർട്ടുമെണ്ടാണ്.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: പല ടൌണുകളിലും വെറ്ററിനറി ഡിപ്പാർട്ടുമെൻറിൽനിന്നാണ് ഇതു് ചെയ്യുന്നതു്. അതുപോലെ ഇവിടെയും ചെയ്യരുതേ?

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെയുണ്ടെങ്കിൽ അതിനെപ്പറ്റി അനേഷിച്ചു് ഇവിടെയും അതുപോലെ ചെയ്യാൻനോക്കാം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: വണ്ടിക്കു പൂട്ടുക, കന്നു പൂട്ടുക മുതലായ കായ്ങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന കാളകളുടേയും മറ്റും ആരോഗ്യത്തെ പരിശോധിക്കുന്ന എപ്പാട വെറ്ററിനറി ഡിപ്പാർട്ടുമെൻറിന്റെ കീഴിലാക്കുന്നതു് ആശാസ്യമല്ലെ?

റാവുബഹദൂർ ടി. കെ. നായർ: ഇതിനു മറുപടി പറയാൻ വളരെ ബുദ്ധിമുട്ടുണ്ട്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അങ്ങിനെ ഏർപ്പാട ചെയ്യാൻ വെറ്ററിനറി ഡിപ്പാർട്ടുമെൻറിന്റെ ചാർജ്ജുള്ള മന്ത്രി പ്രയത്നിക്കുമോ?

റാവുബഹദൂർ ടി. കെ. നായർ: മറ്റ പലസ്ഥലങ്ങളിലും വെറ്ററിനറി ഡിപ്പാർട്ടുമെൻറിനു് ഈ ചുമതലകൂടിയുണ്ടെന്നു തൃശ്ശിവപേരൂർ ലേഡിമെമ്പർ പറഞ്ഞ സ്ഥിതിക്കു്, അവിടങ്ങളിലെ അതിന്റെ നടപടികളെപ്പറ്റി അനേഷണം നടത്തി ഇവിടെയും അതു നടപ്പിൽ കൊണ്ടുവരാൻ ശ്രമിക്കാം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: മറ്റ ദിക്കുകളിൽ ഉണ്ടെങ്കിലും ഇല്ലെങ്കിലും ഇവിടെ അതിനുള്ള ഏർപ്പാട ചെയ്യാൻ വെറ്ററിനറി ഡിപ്പാർട്ടുമെൻറിന്റെ ചാർജ്ജുള്ള മന്ത്രി ശ്രമിക്കുമോ?

റാവുബഹദൂർ ടി. കെ. നായർ: അതിനെപ്പറ്റി ഗൌരവമായി ആലോചിക്കാം.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: മനുഷ്യരുടെയിടയിൽ പകർച്ച വ്യാധിവരുമ്പോൾ കുത്തിവെക്കുന്നതുപോലെ മൃഗങ്ങളുടെയിടയിൽ പകർച്ച വ്യാധിയുണ്ടാകുമ്പോൾ അവയേയും കുത്തിവെക്കാറുണ്ടൊ?

റാവുബഹദൂർ ടി. കെ. നായർ: ഉവ്വ്.

HOUSE RENT—INCREASE ALLOWED

371. Mr. Parambi Lonappen *(Irinjalakkuda):* Have the Government realised that a house-owner who has rented out a house, with a rental value of Rs. 10 in 1940, is allowed to claim only an increase of Rs. 0—13—8 in rent to enable him to meet the excess cost of living, even though the Rental Value of his house had been increased to Rs. 12—8—0 or more in 1946 by the Municipality ?

LIBRARY ARCHIVES Kerala Legislative Assembly

Mr. C. R. Iyyunni *(Minister for Revenue):* It is a fact that a house-owner who has rented out a house with a rental value of Rs. 10 in 1940 can claim only an increase of Rs. 0—13—4 in rent under the provisions of the Cochin Buildings (Lease and Rent Control) Proclamation.

CASTE-WAR STATEMENT OF APPOINTMENTS MADE ON THE RECOMMENDATION OF THE STAFF SELECTION BOARD

372. **Mr. P. T. Jacob** *(Latin Christians-Mattancheri):*

(*a*) Will Government be pleased to give a caste-war statement of the number of appointments made by the Staff Selection Board in the year 1121—1122 with the duration of each vacancy;

(*b*) have the Government received any complaint that vacancies of long duration are generally given to Ezhuvas;

(*c*) who is the present Secretary of the Staff Selection Board; how long had he been continuing as Secretary;

(*d*) is there any rule to the effect that the Secretary shall be in the office for a fixed period;

(*e*) is not communal rotation observed in the matter of appointments of the Secretary also; if not, why;

(*f*) is the Staff Selection Board a permanent department of the Government;

(*g*) if so in appointing the members to the Board have the Government considered the claims of all communities, at least by rotation?

Rao Sahib K. Ayyappan *(Minister for Public Works):*

(*a*) A caste-war statement of the number of appointments made is appended (Appendix I). Particulars regarding the duration of each vacancy have been published in the Gazette from time to time.

(*b*) No.

(*c*) Mr. T. R. Velunny, Assistant Secretary to Government. From 28th Dhanu 1118 onwards.

(*d*) No.

(*e*) No. Government do not consider it necessary.

(*f*) Yes.

(*g*) No.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: സ്റ്റാഫ് സെലക്ഷൻ ബോർഡിലെ സിക്രട്ടറിക്കും അതി ലെ മറ്റ് അംഗങ്ങൾക്കും മാറ്റമില്ലേ?

റാവുസാഹിബ് കെ. അയ്യപ്പൻ: സ്റ്റാഫ് സെലക്ഷൻ ബോർഡിലെ അംഗങ്ങളായി സീനിയർഗ്രേഡ് ഉദ്യോഗസ്ഥന്മാരെ വെക്കണമെന്നുള്ളതല്ലാതെ ഈ സമുദായത്തിൽപെട്ടവ രെ വെക്കണമെന്നില്ല. എങ്കിലും കഴിയുന്നതും സമുദായഗണനയും നോക്കുന്നുണ്ട്.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: സമുദായത്തിന്റെ കാര്യമല്ല ചോദിച്ചത്. അതിലെ അംഗങ്ങൾ ഇതുവരെ മാറിയിട്ടുണ്ടോ എന്നാണ് ചോദിച്ചത്.

റാവുസാഹിബ് കെ. അയ്യപ്പൻ: മാറിയിട്ടുണ്ട്.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ആരെയെല്ലാമാണ് മാറിയിട്ടുള്ളത്?

റാവുസാഹിബ് കെ. അയ്യപ്പൻ: മിസ്റ്റർ ശിവരാമമേനോൻ മുമ്പ് മെമ്പറായിരു ന്നു, ഇപ്പോൾ അല്ല. ഇപ്പോഴത്തെ ചീഫ് സിക്രട്ടറിയും, സിക്രട്ടറിയും ഇപ്പോൾ മെമ്പർ മാരാണ്.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ആക്കെല്ലാമാണോ സ്റ്റാഫ് സെലക്ഷൻ ബോർഡിൽ അംഗ ങ്ങളായിരിക്കാവുന്നത്?

റാവുസാഹിബ് കെ. അയ്യപ്പൻ: സീനിയർ ഗ്രേഡിലുള്ള ആഫീസേഴിസന്മാർ.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: സ്റ്റാഫ് സെലക്ഷൻ ബോർഡിൽ മൂന്നുമെമ്പർമാരു ണ്ടല്ലൊ? അവരെ കമ്മ്യൂണൽറ്റെപ്രസന്റേഷൻ എടുക്കുന്നതെ?

റാവുസാഹിബ് കെ. അയ്യപ്പൻ: കഴിയുന്നതും അങ്ങിനെയാണ് ചെയ്യുന്നത്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: Answer A. Particulars regarding the duration of each vacancy have been published in the Gazette from time to time എന്നുത്തരം പറഞ്ഞിട്ടുണ്ട്. എന്നാൽ 'എ' എന്ന വിഭാഗത്തിനുള്ള ഉത്തരം മുഴുവൻ പറയാത്തതെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly